"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.പിഎസ്1/294/2024-ഡബ്ല്യൂ.ആർ.ഡി
ജലവിഭവ (പി.എസ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-07-2026

**<u>സർക്കുലർ</u>**

വിഷയം:- ജലവിഭവ വകുപ്പ്- ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയിൽ സമർപ്പിക്കേണ്ട മറുപടികൾ/ റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നത്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26)-യുടെ നാൽപത്തിയാറാമത് [redacted] റിപ്പോർട്ട്

ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ട മറുപടികളും റിപ്പോർട്ടുകളും വിവിധ സെക്ഷനുകളിൽ നിന്നും വകുപ്പ് മേധാവികളിൽ നിന്നും ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം കാലതാമസം നേരിടുന്നത് സമിതിയുടെ പ്രവർത്തനങ്ങളെയും സർക്കാർ തലത്തിലുള്ള തീരുമാനങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമുണ്ടാക്കുന്നു.

ഈ സാഹചര്യത്തിൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽ നിന്നും ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും വിശദീകരണങ്ങളും റിപ്പോർട്ടുകളും ബന്ധപ്പെട്ട സെക്ഷനുളും വകുപ്പു മേധാവികളും അതീവ പ്രാധാന്യത്തോടെ പരിഗണിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

ആയതിനാൽ, താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്:

1. ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ, റിപ്പോർട്ടുകൾ, കുറിപ്പുകൾ, വിശദീകരണങ്ങൾ എന്നിവ നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ നിർബന്ധമായും ലഭ്യമാക്കണം.

2. നിലവിൽ കുടിശ്ശികയായി അവശേഷിക്കുന്ന എല്ലാ റിപ്പോർട്ടുകളും മറുപടികളും മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കി അടിയന്തരമായി സമിതിയ്ക്ക് ലഭ്യമാക്കേണ്ടതും പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

3. ഏതെങ്കിലും കാരണവശാൽ റിപ്പോർട്ട് സമയബന്ധിതമായി നൽകാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ, അതിന്റെ വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി പ്രതീക്ഷിക്കുന്ന സമർപ്പണ തീയതി സഹിതം സർക്കാരിൽ ഉടൻ അറിയിക്കണം.

4. ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ **"Most Urgent"** വിഭാഗത്തിൽ ഉൾപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യണം.

5. ഓരോ ഓഫീസറും സമർപ്പിക്കുന്ന വിവരങ്ങളുടെയും റിപ്പോർട്ടുകളുടെയും കൃത്യതയും സമ്പൂർണ്ണതയും ഉറപ്പുവരുത്തേണ്ടതാണ്.

ഈ പരിപത്രത്തിലെ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തി കർശനമായി പാലിക്കേണ്ടതാണ്.

**SAJI KUMAR J**
സ്പെഷ്യൽ സെക്രട്ടറി

ജലവിഭവ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ജലവിഭവ വകുപ്പിലെ എല്ലാ വകുപ്പ് മേധാവികൾക്കും
വെബ് ആന്റ് ന്യൂ മീഡിയ.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,
Digitally signed by
Hemalatha Das
Date: 17-07-2026
16:42:27
സെക്ഷൻ ഓഫീസർ

പകർപ്പ്:

ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി-I യുടെ സി.എയ്ക്ക്
ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി-II യുടെ സി.എയ്ക്ക്
ജലവിഭവ വകുപ്പിലെ എല്ലാ ജോയിന്റ് സെക്രട്ടറിമാർക്കും
ജലവിഭവ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.
ജലവിഭവ വകുപ്പിലെ എല്ലാ അണ്ടർ സെക്രട്ടറിമാർക്കും